# സമർപ്പിത സംഗമം

## റിപ്പോർട്ട്

സീറോ മലബാർ സഭയിലെ സമർപ്പിതരിൽ വനിതാ വിഭാഗത്തിലെ സുപ്പീരിയർ ജനറൽമാരുടെയും പ്രൊവിൻഷ്യൽമാരുടെയും, സമർപ്പിത പരിശീലനത്തിനായുള്ള ജനറൽ കൗൺസിലർമാരുടെയും സംയുക്ത സംഗമം സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ വച്ച് ജനുവരി 16 ന് വെള്ളിയാഴ്ച 9.30 മുതൽ **4.**p.m വരെ **Commission for Clergy and Institutes of the Consecrated life** ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സമ്മേളനത്തിന്റെ റിപ്പോർട്ട്.

സഭയുടെ മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ വർക്കി വിതയത്തിൽ ദീപം കൊളുത്തി സമ്മേളനം ഉദ്ഘാടനം ചെയ്തു. 130 പേർ ഈ സംഗമത്തിൽ പങ്കെടുത്തു. സമർപ്പിത ജീവിതത്തിൽ വിശ്വാസധീരതയും നിശചയദാർഢ്യവും സ്നേഹ ചൈതന്യവും പ്രകടമാക്കി ക്രിസ്തീയ സാക്ഷ്യം നല്കണമെന്ന് മേജർ ആർച്ച് ബിഷപ്പ് ഉദ്ഘാടന പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. സമർപ്പിത ജീവിതത്തിൽ 62 വർഷം പിന്നിട്ട കാർഡിനൽ തന്റെ സമർപ്പിത ജീവിതത്തിന്റെ സന്തോഷവും സംതൃപ്തിയും പങ്കുവച്ചുകോണ്ട് സന്യാസ സമർപ്പണത്തിന്റെ മഹത്വവും ദൗത്യവും വിശദീകരിച്ചു. നിസ്വാർത്ഥത ജീവിതമുദ്രയായി സ്വീകരിച്ച് ദൈവത്തോടൊപ്പം ജീവിക്കുമ്പോൾ, സമൂഹജീവിതത്തെ സ്വർഗ്ഗമാക്കുവാനാകു മെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മേജർ ആർച്ച് ബിഷപ്പ് പ്രസ്താവിച്ചു.

സമ്മേളനത്തിൽ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ തോമസ് ചക്യാത്ത് സ്വാഗതം ആശംസിച്ചു. ആധുനിക കാലത്തിലെ വെല്ലുവിളികളെ അതിജീവിക്കുവാൻ ഉതകുന്ന വിധത്തിൽ സമർപ്പിത പരിശീലനവും തുടർപരിശീലനവും ക്രമീകരിക്കണമെന്നും സീറോ മലബാർ സഭയുടേതായ പരിശീലന പദ്ധതി വികസിപ്പിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. കമ്മീഷൻ അംഗം ബിഷപ്പ് മാർ അരുമച്ചാടത്ത് സമർപ്പിതജീവിതം ഇന്നു നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും അവയെ വിശ്വാസ ചൈതന്യത്തോടെയും ആത്മധൈര്യത്തോടും കൂടെയും തരണം ചെയ്യേണ്ടതിനെക്കുറിച്ചുംവിശദീകരിച്ചു.

തുടർന്ന് സിസ്റ്റർ ഡോ. ബർത്ത എസ്. എ. ബി.എസ് , സിസ്റ്റർ ഡോ. അജയ എം എസ് ജെ, സിസ്റ്റർ ഡോ.പുഷ്പ സി.എച്ച്. എഫ്, എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ക്രിസ്തുവിനോടുള്ള താദാല്മ്യപ്പെടൽ, സിദ്ധികളോടുള്ള വിശ്വസ്തത സഭയോടൊത്തുള്ള ശുശ്രൂഷ എന്നിവ സമർപ്പിത ജീവിതത്തിലെ സുപ്രധാന ഘടകങ്ങളാണെന്നും ഇതിനോടുള്ള പരിപാകപ്പെടലാണ് പരിശീലനംകൊണ്ടും തുടർപരിശീലനംകൊണ്ടും ലക്ഷ്യം വയ്ക്കുന്നതെന്നും സിസ്റ്റർ ബർത്ത പ്രസ്താവിക്കുകയുണ്ടായി. വിശ്വാസ ചൈതന്യവും ആത്മാഭിമാനവും വൈകാരിക പക്വതയും സാമൂഹികാവബോധവും സമർപ്പിതർക്ക് തങ്ങളുടെ ജീവിതത്തിൽ മുഖമുദ്രകളായി ഉണ്ടാകണമെന്നും അവകൊണ്ടു മാത്രമെ ഇന്നത്തെ വെല്ലുവിളികളെ തരണംചെയ്യാനാകൂ എന്നും സിസ്റ്റർ പുഷ്പ തന്റെ പ്രബന്ധത്തിൽ വ്യക്തമാക്കി. സമഗ്രമായൊരു വ്യക്തിത്വ വികസനത്തിന് ആഹ്വാനം ചെയ്തുകൊണ്ടാണ് സിസ്റ്റർ അജയ പ്രബന്ധം അവതരിപ്പിച്ചത്. ആധ്യാത്മിക, ശാരീരിക, മാനസിക തലങ്ങളെ സമന്വയിപ്പിച്ചു കൊണ്ടായിരിക്കണം ഈ വ്യക്തിത്വ വികസനം സാധ്യമാക്കേണ്ടതെന്നും സിസ്റ്റർ വിശദീകരിച്ചു. തുടർന്ന് നടന്ന ഗ്രൂപ്പു ചർച്ചയിൽ താഴെപറയുന്ന വിഷയങ്ങൽ ചർച്ചചെയ്തു.

<u>ചോദ്യങ്ങൾ</u>

1 സീറോ മലബാർ സഭയിലെ സമർപ്പിതസമൂഹങ്ങളുടെ പരിശീലനരീതിയെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തുക. സഭയിലെ സമർപ്പിതസമൂഹങ്ങളുടെ പരിശീലനത്തിന് ഒരു ഏകീകൃതപദ്ധതി രൂപപ്പെടുത്തുന്നത് ആവശ്യമാണോ? ആവശ്യമെങ്കിൽ എന്തു ചെയ്യണം?

2 സമർപ്പിതർ സഭയിലും സഭയ്ക്കുവേണ്ടിയും എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? നമ്മുടെ സഭയിലും രൂപതകളിലും ഇടവകകളിലും ക്രൈസ്തവസാക്ഷ്യം നല്കി അജപാലനശുശ്രൂഷയിൽ എങ്ങനെ സഹകരിക്കാനാവും?

3 സമർപ്പിതർക്കു ഇന്നു ലഭിക്കുന്ന തുടർപരിശീലനം അവർ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കുവാൻ പര്യാപ്തമാണോ? സമഗ്രമായൊരു തുടർപരിശീലനത്തിനുതകുന്ന നിർദ്ദേശങ്ങൾ നല്കുക. സമർപ്പിത സമൂഹങ്ങൾക്കു പരസ്പരവും സഭയ്ക്കു പൊതുവായും തുടർപരിശീലന ത്തിനു എങ്ങനെ സഹായിക്കാനാകും?

4 സമർപ്പിത ജീവിതത്തിലേക്കുള്ള അർത്ഥിനികളെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോ? സമർപ്പിത ജീവിതത്തിലേക്കുള്ള യഥാർത്ഥവിളികൾ വിവേചിച്ചറിയുവാൻ ആവശ്യമായ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുക. അവ എങ്ങനെ നടപ്പിലാക്കും?

ഗ്രൂപ്പു ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ 9 ഗ്രൂപ്പു സെക്രട്ടറിമാർ പൊതുചർച്ചയ്ക്കായി അവതരിപ്പിച്ചു. തുടർന്ന് നടന്ന പൊതുചർച്ചയുടെ വെളിച്ചത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ചർച്ചചെയ്ത് സമ്മേളനം പാസ്സാക്കി.

1. സീറോ മലബാർ സഭയുടേതായ ഒരു ഏകീകൃത സമർപ്പിത പരിശീലനപദ്ധതി തയ്യാറാക്കുക. (Charter for formation of the Institutes of the Consecrated Life for Women of the Syro-Malabar Church). ഈ ഏകീകൃത പരിശീലന ക്കുറിച്ചുള്ള രൂപരേഖ തയ്യാറാ ക്കുവാൻ Sr. Bertha S.A.B.S, Sr. Pushpa CHF, Sr.Ajaya MSJ, Sr.Edward CMC, Sr. Mercitta SABS, Sr. Espirita S.H, Sr. Cilia FCC, Sr.Presanna CMC, Sr.Thiajusa SD എന്നിവരടങ്ങുന്ന കമ്മിറ്റിയെ നിയോഗിച്ചു.
2. പ്രഥമവ്രതവാഗ്ദാനവും സഭാവസ്ത്ര സ്വീകരണവും നിരാഘോഷമാക്കുകയും നിത്യ വ്രതവാഗ്ദാനത്തിന് പ്രമുഖ പ്രാധാന്യം നല്കി സമാഘോഷമായി നടത്തുകയും ചെയ്യുക.
3. സീറോ മലബാർ സഭയിലെ വനിത സമർപ്പിത പരിശീലകരുടെ സമ്മേളനം വർഷംതോറും നടത്തുകയും പരിശീലനത്തിൽ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചനടത്തുകയും ചെയ്യുക.
4. നിത്യ വ്രതത്തിനുമുമ്പുള്ള ദൈവശാസ്ത്ര പരിശീലന കാലഘട്ടത്തിൽഎല്ലാ സമർപ്പിതരെയും പങ്കെടുപ്പിച്ചുകൊണ്ട് രണ്ടോ മൂന്നോ മാസത്തെ പാസ്റ്ററൽ കോഴ്സ് സംഘടിപ്പിക്കുക.
5. സമർപ്പിതർ ജീവിതത്തിൽ നേരിടുന്ന മാനസിക ആധ്യാത്മിക പ്രശനങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് സഹായകരമാകത്തക്കവിധം സമർപ്പിതസമൂഹങ്ങൾ പോതുവായ സെന്ററുകൾ തുടങ്ങുകയോ നിലവിലുള്ളവ ഉപയോഗപ്പെടുത്തുകയോ ചെയ്യുക.
6. സീറോ മലബാർ സഭയിലെ വനിതാ സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെ സമ്മേളനം വർഷംതോറും നടത്തുക.

7. അർത്ഥിനികളുടെ തിരഞ്ഞെടുപ്പിൽ മനശാസ്ത്രപരമായ വിലയിരുത്തൽ നടത്തുവാൻ ആവശ്യമായ സൗകര്യം ഏർപ്പെടുത്തുക.

8. നിത്യ വ്രതവാഗ്ദാനം നടത്തുന്ന ജൂനിയർ സിസ്റ്റേഴ്സിന്റെ സംഗമം വർഷംതോറും കൂരിയായിൽ സംഘടിപ്പിയ്ക്കുക

സമാപന സന്ദേശത്തിനും സി. എഡേവേർഡ് സി.എം.സിയുടെ കൃതജ്ഞതാ പ്രകാശനത്തിനും മേജർ ആർച്ച് ബിഷപ്പിന്റെ സമാപനാശീർവാദത്തിനും ശേഷം സമ്മേളനം 4 മണിയോടെ സമാപിച്ചു.

**Fr Pauly Kannookadan**
Secretary, Commission for Clergy
and Institutes of the Consecrated life